പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 333 — 29-06-2016 ൽ മറുപടിക്ക്

## മൂടാടി കെൽട്രോൺ യൂണിറ്റിൽ തുടർപദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)** |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടിയിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ യൂണിറ്റിൽ 2006-11 കാലയളവിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയായി സ്ഥാപനത്തിന്റെ വികസന സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) യും | കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടിയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ 2006-11 കാലയളവിൽ എനർജി മീറ്റർ കാർഡുകൾ നിർമ്മാണവും എൻടിടിഎഫുമായി ഐടി കമ്പ്യൂട്ടർ വിഷയങ്ങളിൽ പരിശീലന ക്ലാസുകളും നടത്തിയിരുന്നു. എന്നാൽ പിന്നീട് സാങ്കേതിക പ്രശ്നങ്ങളാൽ എനർജി മീറ്റർ കാർഡ് പദ്ധതിയും, വിദ്യാർത്ഥികൾ കുറവായതിനാൽ ആദ്യ രണ്ടു ബാച്ചുകൾക്ക് ശേഷം പരിശീലന ക്ലാസുകളും നിർത്തലാക്കി. നിലവിൽ മൂടാടി യൂണിറ്റിനെ വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകൾ നിർമ്മിച്ചു നൽകുന്നതിനും അവയുടെ ഗുണപരിശോധനയ്ക്കുമുള്ള കെൽട്രോൺ ലൈറ്റിങ് ഡിവിഷനായി നവീകരിച്ചു, പ്രവർത്തനം നടത്തിവരുന്നു. |
| (ബി) കെൽട്രോൺ മൂടാടി യൂണിറ്റിൽ നിലവിൽ നടന്നുവരുന്ന ഉദ്പാദന പ്രവർത്തനങ്ങൾ എന്തെല്ലാം; എൽ.ഇ.ഡി ലൈറ്റ് നിർമ്മാണ മേഖലയിൽ മൂടാടി കെൽട്രോൺ-ന്റെ പ്രോഡക്റ്റുകൾ എന്തെല്ലാം; | (ബി) യും | കെൽട്രോൺ ലൈറ്റിങ് ഡിവിഷനിൽ എൽഇഡി ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും സ്ഥാപിച്ചു. വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകളുടെ (സ്ട്രീറ്റ് ലൈറ്റ്, ട്യൂബ്ലൈറ്റ്, ലാൻടേൺ ലൈറ്റ്) നിർമ്മാണപ്രവർത്തനങ്ങൾ ഈ യൂണിറ്റിൽ നടന്നുവരുന്നു. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ ഹിയറിങ് എയ്ഡിന്റെ നിർമ്മാണവും നടന്നുവരുന്നു. |
| (സി) ഈ സ്ഥാപനത്തിന്റെ വികസനത്തിനായി 2006-11 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; | (സി) യും | |
| (ഡി) 2011-2016 കാലയളവിൽ സ്ഥാപനത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ച് സർക്കാരിൽ സമർപ്പിച്ച പദ്ധതികളേതെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) യും | |

സെക്ഷൻ ഓഫീസർ